സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാള്യം: 60 ലക്കം: 159 2025 സെപ്തംബർ 25 വ്യാഴം പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ഇസ്രായേലിൽ ഡ്രോൺ ആക്രമണം: 20 പേർക്ക് പരിക്ക്

തെൽഅവീവ്: ഗസ്സയിൽ മനുഷ്യക്കുരുതി തുടരുന്നതിൽ പ്രതിഷേധിച്ച് ഇസ്രായേലിന് നേരെ ഹൂത്തി ഡ്രോൺ ആക്രമണം. ഇന്നലെ വൈകീട്ട് ഇസ്രായേലിലെ എയ്‌ലാത്തിന് നേരെ നടത്തിയ ആക്രമണത്തിൽ 22 പേർക്ക് പരിക്കേറ്റു. ഇതിൽ രണ്ടുപേരുടെ പരിക്ക് ഗുരുതരമാണെന്നും ഒരാൾക്ക് സാരമുള്ള പരിക്കാണെന്നും ഡോക്ടർമാരെ ഉദ്ധരിച്ച് ഇസ്രായേലി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. കഴിഞ്ഞ ദിവസം റിസോർട്ട് സിറ്റിയിലെ ഹോട്ടലിന് നേരെ ഡ്രോൺ ആക്രമണം നടന്നിരുന്നു. ഗുരുതര പരിക്കേറ്റവരെ ഇസ്രായേൽ വ്യോമസേനയുടെ രണ്ട് ഹെലികോപ്റ്ററുകളിൽ ബീർഷെബയിലെ സൊറോക്ക മെഡിക്കൽ സെന്ററിലേക്ക് മാറ്റി. മറ്റുള്ളവരെ എയ്‌ലാത്തിലെ യോസെഫ്താൽ മെഡിക്കൽ സെന്ററിൽ പ്രവേശിപ്പിച്ചു. ഷോപ്പിങ് ഏരിയയിലെ ഹോട്ടലിന് സമീപമാണ് ഡ്രോൺ ആക്രമണം നടന്നത്.

എംഎസ് സി എൽസ 3 കപ്പലപകടം

1200 കോടി രൂപ സർക്കാരിന് നഷ്ടപരിഹാരം നൽകാൻ ഹൈക്കോടതി ഉത്തരവ്

കൊച്ചി: എം.എസ്.സി എൽസ 3 കപ്പൽ കേരള തീരത്ത് അപകടത്തിൽപ്പെട്ടതിനെത്തുടർന്നുണ്ടായ പരിസ്ഥിതി നാശത്തിന് 1200.62 കോടി രൂപ നഷ്ടപരിഹാരം നൽകാൻ ഉത്തരവിട്ട് ഹൈക്കോടതി. സംസ്ഥാന സർക്കാർ ഫയൽ ചെയ്ത അഡ്മിറാലിറ്റി സ്യൂട്ടിൽ ജസ്റ്റിസ് എംഎ അബ്ദുൾ ഹക്കീമിന്റേതാണ് ഉത്തരവ്.

മുങ്ങിയ കപ്പലിൽ നിന്ന് എണ്ണ ചോരുകയും കണ്ടെയ്നറുകളിലെ രാസവസ്തുക്കളടക്കം കടലിൽ കലരുകയും ചെയ്തതുമൂലം പരിസ്ഥിതി, സാമ്പത്തിക മേഖലയിലെ നഷ്ടം കണക്കിലെടുത്താണ് കോടതി ഉത്തരവ്. കപ്പലപകടത്തെ തുടർന്ന് മത്സ്യജല സമ്പത്തിന് വ്യാപക നാശനഷ്ടമുണ്ടായെന്നും ഈ സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികൾക്ക് സഹായം നൽകുന്നതിനുമായി കപ്പൽ കമ്പനി 9531 കോടി രൂപ നഷ്ടപരിഹാരം നൽകണമെന്ന് ആവശ്യപ്പെട്ടാണ് സർക്കാർ ഹർജി നൽകിയത്. എന്നാൽ സർക്കാർ ആവശ്യപ്പെടുന്ന തുക യാഥാർത്ഥ്യത്തിന് വിരുദ്ധമാണെന്നും അപകടം നടന്നത് സംസ്ഥാന സമുദ്രാതിർത്തിയിൽ നിന്ന് 14.5 നോട്ടിക്കൽ മൈൽ അകലെയായതിനാൽ കേരള സർക്കാരിന് അഡ്മിറാലിറ്റി സ്യൂട്ട് നൽകാൻ അധികാരമില്ലെന്നുമാണ് കപ്പൽ കമ്പനി വാദിച്ചത്.

വിഴിഞ്ഞം തുറമുഖത്ത് നിന്ന് പുറപ്പെട്ട എം.എസ്.സി എൽസ 3 എന്ന ചരക്കുകപ്പൽ മേയ് 25 നാണ് കൊച്ചി പുറംകടലിൽ മുങ്ങി അപകടമുണ്ടായത്. കടലിലേക്ക് വീണ കപ്പലിലെ കണ്ടെയ്നറുകൾ കൊല്ലം, ആലപ്പുഴ, തിരുവനന്തപുരം ജില്ലകളിലെ തീരപ്രദേശങ്ങളിൽ അടിഞ്ഞിരുന്നു. അപകടകരമായ വസ്തുക്കളടങ്ങിയ നിരവധി കണ്ടെയ്നറുകൾ കടലിൽ ഒഴുകിപ്പോയത് ആശങ്കയുയർത്തുകയും ചെയ്തിരുന്നു.

വയനാട് ഡിസിസി പസിഡന്റ് എൻ ഡി അപ്പച്ചൻ രാജിവച്ചു



കൽപ്പറ്റ: വയനാട് ഡിസിസി പ്രസിഡന്റ് എൻ ഡി അപ്പച്ചൻ രാജിവച്ചു. ജില്ലയിലെ കടുത്ത വിഭാഗീയതയ്ക്കിടെയാണ് രാജിയെന്ന് സൂചന. താൻ രാജി സന്നദ്ധത പ്രകടിപ്പിച്ചിരുന്നുവെന്നത് ശരിയാണെന്നും ബാക്കിയുള്ള കാര്യങ്ങൾ പാർട്ടി തീരുമാനിക്കട്ടെയെന്നും എൻ ഡി അപ്പച്ചൻ മാദ്ധ്യമങ്ങളോട് പറഞ്ഞു. വിഷയത്തെക്കുറിച്ച് അദ്ദേഹം കൂടുതൽ പ്രതികരിക്കാൻ തയ്യാറായില്ല.

കഴിഞ്ഞ കുറേ നാളുകളായി വയനാട് ഡിസിസിയിൽ ഗ്രൂപ്പ് പോര് അതിരൂക്ഷമായിരുന്നു. മുൻ ഡിസിസി ട്രഷറർ എൻ എം വിജയന്റെ മരണവും അതിനെത്തുടർന്നുണ്ടായ പ്രശ്നങ്ങളുമെല്ലാം കോൺഗ്രസിനെ പ്രതിസന്ധിയിലാക്കി. ഇത്തരം കോളിളക്കങ്ങളുടെ പശ്ചാത്തലത്തിലും പ്രായാധിക്യം പരിഗണിച്ചും പുനഃസംഘടനയിൽ എൻ ഡി അപ്പച്ചനെ ഡിസിസി പ്രസിഡന്റ് സ്ഥാനത്തുനിന്ന് മാറ്റുമെന്ന രീതിയിലുള്ള കിവംദന്തികളുണ്ടായിരുന്നു.

അടുത്തിടെ എൻ ഡി അപ്പച്ചൻ ഒരു ഇംഗ്ലീഷ് മാദ്ധ്യമത്തിന് അഭിമുഖം നൽകിയിരുന്നു. പ്രിയങ്ക ഗാന്ധിയുടെ സന്ദർശനത്തെക്കുറിച്ചുള്ള ചോദ്യത്തിന് തനിക്ക് അതിനെക്കുറിച്ച് അറിയില്ലെന്നും എംപിയുടെ ഓഫീസാണ് കാര്യങ്ങൾ തീരുമാനിക്കുന്നതെന്നുമായിരുന്നു അദ്ദേഹം പറഞ്ഞത്. ഇത് ഹൈക്കമാൻഡിൽ അതൃപ്തിയുണ്ടാക്കിയതായി റിപ്പോർട്ടുകളുണ്ടായിരുന്നു.

പാലിയേക്കര ടോൾ വിലക്ക് തുടരുമെന്ന് ഹൈക്കോടതി; നടപടി ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ

കൊച്ചി: അറ്റകുറ്റപ്പണികൾ പൂർത്തിയാക്കാതെ പാലിയേക്കരയിൽ ടോൾ പിരിക്കരുതെന്ന് ഹൈക്കോടതി. ടോൾ പിരിവ് പുനഃരാരംഭിക്കണമെന്ന ഹർജി പരിശോധിച്ച ശേഷം വിലക്ക് തുടരാൻ ഹൈക്കോടതി ഉത്തരവിടുകയായിരുന്നു. ജില്ലാ കളക്ടർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കോടതി വിധി പുറപ്പെടുവിച്ചത്.

സെപ്തംബർ 22 മുതൽ ടോൾ പിരിവിന് വ്യവസ്ഥകളോടെ അനുമതി നൽകുമെന്നായിരുന്നു ഹൈക്കോടതി നേരത്തേ അറിയിച്ചത്. അതിനിടയിൽ മുരിങ്ങൂരിൽ സർവീസ് റോഡിൽ മണ്ണിടിഞ്ഞ സംഭവം ജില്ലാ കളക്ടർ കോടതിയെ അറിയിച്ചിരുന്നു. ഇത് പരിശോധിച്ച ഹൈക്കോടതി ടോൾ പിരിവിനുള്ള അനുമതി നിഷേധിച്ചു. തുടർന്ന് വിഷയത്തിൽ ആഴത്തിലുള്ള പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാനും കോടതി കളക്ടർക്ക് നിർദേശം നൽകി.

മുരിങ്ങൂരിലെ പ്രശ്നം പൂർണമായി പരിഗണിച്ചിട്ടില്ല. മുരിങ്ങൂരിലെ സർവീസ് റോഡ് ഇടിഞ്ഞതുപോലെ ഏത് ഭാഗത്തും എപ്പോൾ വേണമെങ്കിലും സംഭവിക്കാം. അടിപ്പാത നിർമാണം നടക്കുന്ന പ്രദേശങ്ങളിൽ യാത്രക്കാർക്ക് സുരക്ഷാ ഭീഷണി ഉണ്ടെന്നും കളക്ടറുടെ റിപ്പോർട്ടിൽ പറയുന്നു. എന്നാൽ, ഹർജി ചൊവ്വാഴ്ച വീണ്ടും പരിഹണിക്കുമെന്ന് ഹൈക്കോടതി വ്യക്തമാക്കി.

നേരത്തേ ഇടക്കാല മാനേജ്മെന്റ് നിർദേശിച്ചിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും നിലവിൽ പാലിക്കുന്നുണ്ടെന്നും ഇനിയും പാലിക്കുമെന്നും ദേശീയപാത അതോറിറ്റി കോടതിയെ അറിയിച്ചിട്ടുണ്ട്. ഹർജിയിൽ വാദം പൂർത്തിയാക്കിയ കോടതി കളക്ടറുടെ റിപ്പോർട്ടിന് ദേശീയപാത അതോറിറ്റി മറുപടി നൽകണമെന്നും ഉത്തരവിട്ടു.

സ്ത്രീ വിഷയത്തിൽ രാഹുലിന്റെ ഹെഡ്മാസ്റ്ററാണ് ഷാഫി: സിപിഎം

പാലക്കാട്: ഷാഫി പറമ്പിൽ എംപിക്കെതിരെ ഗുരുതര ആരോപണങ്ങളുമായി സിപിഎം. സ്ത്രീ വിഷയത്തിൽ രാഹുലിന്റെ ഹെഡ്മാസ്റ്ററാണ് ഷാഫിയെന്നും സ്ത്രീകളെ കണ്ടാൽ ബംഗളൂരുവിലേക്ക് വിളിക്കുമെന്നുമാണ് സിപിഎം പാലക്കാട് ജില്ലാ സെക്രട്ടറി ഇ. എൻ സുരേഷ് ബാബുവിന്റെ ആരോപണം.

'നേതാക്കൾ പേടിക്കുന്നത് വേറെയൊന്നുംകൊണ്ടല്ല. ഹെഡ്മാഷ് ആയിട്ടുള്ള ആളാരാണ്? ഇയാളെ എംഎൽഎ ആക്കാൻ പത്തനംതിട്ടയിൽ നിന്ന് ക്ഷണിച്ചുകൊണ്ടുവന്ന ഷാഫി പറമ്പിലാണ്. ഷാഫിയെ ഞാൻ വെല്ലുവിളിക്കുന്നു. ഈ രാഹുൽ മാങ്കൂട്ടത്തിൽ ചെയ്തത് ഒരു തരത്തിലും ഞാൻ അംഗീകരിക്കില്ല, രാഹുലിനെതിരെ ശക്തമായ നടപടി ഇനിയും വേണം, രാജിവയ്ക്കണമെന്ന് പറയാൻ ഷാഫി പറമ്പിൽ തയ്യാറാകുമോ? തയ്യാറാകില്ല. കാരണമെന്താ? ഇക്കാര്യത്തിൽ കൂട്ടുകച്ചവടമാണ്. ഇവനെക്കാൾ കൂടുതൽ, ചില ആളുകളെ കാണുമ്പോൾ പരസ്യമായി നേരിട്ട് ചോദിക്കുകയാണെന്നാണ് പറയുന്നത്. അതൊന്നും ഞാൻ ഇവിടെ പറയുന്നില്ല. സത്യം പറഞ്ഞാൽ അതിശയം തോന്നുകയാണ്. ആലോചിക്കാൻ പോലും പറ്റാത്ത കാര്യമാണ്.

നല്ല ഒരാളെ കണ്ടാൽ ബംഗളൂരുവിലേക്ക് ട്രിപ്പടിക്കാമെന്നാണ് ഹെഡ്മാഷ് തന്നെ ചോദിക്കുന്നത്. അപ്പോൾപ്പിന്നെ രാഹുലിനെതിരെ എന്തെങ്കിലും മിണ്ടുമോ? ഹെഡ്മാഷിനും മുകളിലുള്ള അദ്ധ്യാപകരാണ് ബാക്കിയെല്ലാവരും. അതുകൊണ്ടാണ് ഇയാൾക്കെതിരെ അക്ഷരം മിണ്ടാത്തത്. സതീശൻ പുറത്താക്കിയെന്ന് പറയുന്നതിൽ പ്രധാനപ്പെട്ടൊരു കാരണമുണ്ട്. അത് പിന്നെ ഞങ്ങൾ വെളിപ്പെടുത്താം. കേറിക്കേറി മുറത്തിൽക്കയറി കൊത്തിയെന്നാണ് കേൾക്കുന്നത്.'– സിപിഎം ജില്ലാ സെക്രട്ടറി പറഞ്ഞു.

കുവൈറ്റ് ബാങ്കിനെ പറ്റിച്ച് മലയാളികൾ, 270 കോടി വായ്പയെടുത്ത് മുങ്ങി

കൊച്ചി: വൻ തുക ലോണെടുത്തശേഷം മുങ്ങിയ മലയാളികൾക്കെതിരെ പരാതിയുമായി കുവൈറ്റ് ബാങ്ക്. കുവൈറ്റിലെ അൽ അഹ്‌ലി ബാങ്ക് (AL AHLI BANK OF KUWAIT) ആണ് പരാതി നൽകിയത്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 13 കേസുകൾ പൊലീസ് രജിസ്റ്റർ ചെയ്തു. കുവൈറ്റിൽ ജോലിക്കെത്തിയശേഷം വൻ തുക ലോണെടുത്ത് മുങ്ങിയെന്നാണ് പരാതിയിലുള്ളത്.

24 ലക്ഷം മുതൽ രണ്ടുകോടിവരെ ലോണെടുത്തവരാണ് അധികവും. കേസുകൾ കൂടുതലും കോട്ടയം ജില്ലയിലാണ് രജിസ്റ്റർ ചെയ്തിരിക്കുന്നതെന്നാണ് വിവരം. ബാങ്കിന്റെ സിഇഒ മുഹമ്മദ് അൽ ഖട്ടൻ കേരളത്തിലെത്തി ഡിജിപിക്ക് പരാതി നൽകുകയായിരുന്നു. 806 മലയാളികൾ 270 കോടിയോളം രൂപ ലോണെടുത്ത് മുങ്ങിയെന്നാണ് ബാങ്കിന്റെ കണക്ക്. നേരത്തെ ഗൾഫ് ബാങ്ക് കുവൈറ്റും സമാന പരാതിയുമായി കേരള പൊലീസിനെ സമീപിച്ചിരുന്നു.

'വിവാഹിതയായ സ്ത്രീയുടെ പേര് മാറും, ഗോത്രം മാറും'; സ്വത്തിൽ അവകാശം ഭർത്താവിന്റെ കുടുംബത്തിന്: സുപ്രീം കോടതി

ന്യൂഡൽഹി: ഹിന്ദു നിയമപ്രകാരം വിവാഹിതയാകുന്ന സ്ത്രീയുടെ ഗോത്രം വിവാഹശേഷം മാറുമെന്ന് സുപ്രീം കോടതി. ഭർത്താവ് ജീവിച്ചിരിപ്പില്ലാത്തതോ മക്കളില്ലാത്തതോ ആയ സ്ത്രീ വിൽപത്രം തയ്യാറാക്കിയിട്ടില്ലെങ്കിൽ അവർ മരിക്കുമ്പോൾ സ്വത്തുക്കൾ ഭർത്താവിന്റെ അനന്തരാവകാശികൾക്കായിരിക്കും കൈമാറപ്പെടുകയെന്നും സ്വന്തം കുടുംബത്തിന് ആയിരിക്കില്ലെന്നും കോടതി വ്യക്തമാക്കി. 1956ലെ ഹിന്ദു പിന്തുടർച്ചാവകാശ നിയമപ്രകാരമാണിതെന്നും സുപ്രീം കോടതി ചൂണ്ടിക്കാട്ടി. ജസ്റ്റിസ് ബി വി നാഗരത്ന അദ്ധ്യക്ഷയായ ബെഞ്ചിന്റേതാണ് നിരീക്ഷണം.

'വാദിക്കുന്നതിന് മുൻപ് ഒരു കാര്യം ഓർക്കൂ, ഇത് ഹിന്ദു പിന്തുടർച്ചാവകാശ നിയമമാണ്. എന്താണ് ഹിന്ദു എന്നതിന്റെ അർത്ഥം? എങ്ങനെയാണ് ഹിന്ദു സമൂഹം നിയന്ത്രിക്കപ്പെടുന്നത്? ഈ വാക്കുകൾ പറയാൻ നിങ്ങൾ ഇഷ്ടപ്പെടുന്നില്ല എങ്കിലും കന്യാദാനം ചെയ്യപ്പെടുമ്പോൾ സ്ത്രീയുടെ ഗോത്രവും മാറുന്നു. അവളുടെ പേരും മാറുന്നു. അവൾക്ക് ഭർത്താവിൽ നിന്ന് ജീവനാംശം നേടാൻ അവകാശമുണ്ട്. ദക്ഷിണേന്ത്യയിൽ വിവാഹിതയായ സ്ത്രീ മറ്റൊരു ഗോത്രത്തിലേയ്ക്ക് മാറുന്നതായി പ്രഖ്യാപിക്കുന്ന ഒരു ചടങ്ങുവരെയുണ്ട്. ഇതൊന്നും തുടച്ചുനീക്കാനാകില്ല.

മാതാപിതാക്കളിൽ നിന്നോ സഹോദരരിൽ നിന്നോ വിവാഹിതയായ സ്ത്രീ ജീവനാംശം വാങ്ങാറില്ല. ഒരു സ്ത്രീ വിവാഹിതയായാൽ നിയമപ്രകാരം ഭർത്താവിനും ഭർത്താവിന്റെ കുടുംബത്തിനും കുട്ടികൾക്കുമാണ് അവളിൽ ഉത്തരവാദിത്തമുള്ളത്. സ്ത്രീക്ക് മക്കളില്ലായെങ്കിൽ വിൽപത്രം തയ്യാറാക്കാവുന്നതാണ്'– ജസ്റ്റിസ് നാഗരത്ന വ്യക്തമാക്കി.

എന്നാൽ ഉത്തരവ് ഏകപക്ഷീയവും വിവേചനപരവുമാണെന്ന് ഹർജിക്കാരനുവേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ കപിൽ സിബൽ വാദിച്ചു. ഒരു പുരുഷൻ മരണപ്പെട്ടാൽ അയാളുടെ സ്വത്തുക്കൾ അയാളുടെ കുടുംബത്തിന് അവകാശപ്പെട്ടതാണ്. എന്നാൽ മക്കളില്ലാത്ത സ്ത്രീ മരണപ്പെട്ടാൽ അവളുടെ സ്വത്തുക്കൾ എന്തുകൊണ്ടാണ് ഭർത്താവിന്റെ കുടുംബത്തിന് അവകാശപ്പെട്ടതാകുന്നതെന്ന് അദ്ദേഹം ചോദിച്ചു.

എന്നാൽ കോടതിയുടെ തീരുമാനത്തിലൂടെ നിലവിലുള്ള ആചാരങ്ങളിൽ മാറ്റം വരുത്താനാകില്ലെന്ന് ബെഞ്ച് മുന്നറിയിപ്പ് നൽകി. കഠിനമായ വസ്തുതകൾ മോശം നിയമത്തിന് കാരണമാകരുത്. ആയിരക്കണക്കിന് വർഷങ്ങളായ നിലനിൽക്കുന്നവ കോടതിയുടെ വിധിന്യായത്തിലൂടെ തകർക്കപ്പെടാൻ ആഗ്രഹിക്കുന്നില്ല. ഒത്തുതീർപ്പോ മദ്ധ്യസ്ഥത ചർച്ചയിലൂടെയോ വിഷയം പരിഹരിക്കാമെന്നും കോടതി പറഞ്ഞു. പിന്നാലെ പരാതിയിൽ ഒത്തുതീർപ്പിന് ശ്രമിക്കാൻ കക്ഷികളോട് നിർദ്ദേശിച്ചുകൊണ്ട് ബെഞ്ച് സുപ്രീം കോടതിയുടെ മീഡിയേഷൻ സെന്ററിലേക്ക് റഫർ ചെയ്തു.

മുഷ്ടിചുരുട്ടി ശരണംവിളി: അറിയാതെ പറ്റിപ്പോയത്, സംഭവിച്ചതിൽ ഖേദമുണ്ടെന്ന് : പിഎസ് പ്രശാന്ത്

തിരു : പമ്പയിൽ നടന്ന ആഗോള അയ്യപ്പസംഗമത്തിൽ മുഷ്ടിചുരുട്ടി മുദ്രാവാക്യം വിളിക്കുന്നതുപോലെ ശരണം വിളിച്ചത്തിൽ ഖേദം പ്രകടിപ്പിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പിഎസ് പ്രശാന്ത്. അറിയാതെയാണ് അങ്ങനെ സംഭവിച്ചുപോയതെന്നും അദ്ദേഹം പറഞ്ഞു.

'അങ്ങനെ സംഭവിച്ചതിൽ എനിക്ക് ഖേദമുണ്ട്. ഞാനൊരു പരമ വിശ്വാസിയാണ്. അങ്ങനെ വന്നുപോയെങ്കിൽത്തന്നെ ഞാനറിയാതെ വന്നുപോയതാണ്. അതിലെനിക്ക് വിഷമമുണ്ട്. അറിയാതെയാണെങ്കിലും അങ്ങനെ സംഭവിക്കാൻ പാടില്ലായിരുന്നു. സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട് എന്തെല്ലാം കോപ്രായങ്ങൾ നടന്നു. എന്തെല്ലാംതരം മുദ്രാവാക്യങ്ങൾ വിളിച്ചു. അങ്ങനെയുള്ളവരാണ് എന്നെ കളിയാക്കുന്നത്. സ്വാമിമാർ മുഷ്ടിചുരുട്ടി ശരണം വിളിക്കുന്നത് യൂട്യൂബിൽ ധാരാളം കാണാം'– പ്രശാന്ത് മാദ്ധ്യമങ്ങളോട് പറഞ്ഞു.

ആഗോള അയ്യപ്പസംഗമം ലക്ഷ്യം കണ്ടുവെന്നാണ് വിലയിരുത്തൽ എന്നും അദ്ദേഹം പറഞ്ഞു. രാഷ്ട്രീയ വിവാദങ്ങളോട് മറുപടി പറയേണ്ട കാര്യം ഞങ്ങൾക്കില്ല. എൻഎസ്എസ്, എസ്എൻഡിപി തുടങ്ങി നിരവധി സാമുദായിക സംഘടനകളുടെ പൂർണ പിന്തുണ തുടക്കംമുതലേ ഞങ്ങൾക്കുണ്ടായിരുന്നു. അതുകൊണ്ടാണ് ആഗോള അയ്യപ്പസംഗമം വിജയമായതെന്നും പ്രശാന്ത് പറഞ്ഞു. പന്തളത്തുനടന്ന ബദൽ സംഗമം രാഷ്ട്രീയ പരിപാടിയായും പ്രതിഷേധ സംഗമമായും മാറി. അതല്ലാതെ ആ സംഗമം ശബരിമലയുടെ വികസനത്തിനായി എന്തു ചെയ്തുവെന്ന് അവർതന്നെ വിലയിരുത്തണം എന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ആഗോള അയ്യപ്പ സംഗമത്തിന്റെ ഉദ്ഘാടനവേദിയിലായിരുന്നു പ്രശാന്തിന്റെ വിവാദമായ ശരണംവിളി.

'അയ്യപ്പ ഭക്തരെ പിന്നിൽ നിന്ന് കുത്തി പിണറായിക്ക് പാദസേവ ചെയ്യുന്ന കട്ടപ്പ, സമുദായത്തിന് നാണക്കേട്'

പത്തനംതിട്ട: വിശ്വാസ പ്രശ്നത്തിൽ സർക്കാരിനെ പിന്തുണച്ച എൻഎസ്എസ് ജനറൽ സെക്രട്ടറി ജി സുകുമാരൻ നായർക്കെതിരെ പ്രതിഷേധ ബാനർ. പത്തനംതിട്ട വെട്ടിപ്രം കരയോഗ കെട്ടിടത്തിന് മുന്നിലാണ് ബാനർ ഉയർന്നത്. 'കട്ടപ്പയായി മാറി സുകുമാരൻ നായർ' എന്നാണ് ബാനറിലെ പരിഹാസ വാചകം. സർക്കാരിന്റെ വിശ്വാസ പ്രശ്നത്തിലെ നിലപാട് മാറ്റം സ്വാഗതാർഹമാണെന്നാണ് സുകുമാരൻ നായർ പറഞ്ഞിരുന്നത്. ഇതിനെതിരെയാണ് സമുദായത്തിൽ നിന്ന് തന്നെ പ്രതിഷേധം ഉയർന്നത്.

'കുടുംബ കാര്യത്തിന് വേണ്ടി അയ്യപ്പഭക്തരെ പിന്നിൽ നിന്ന് കുത്തി, പിണറായിക്ക് പാദസേവ ചെയ്യുന്ന കട്ടപ്പയായി മാറിയ സുകുമാരൻ നായർ സമുദായത്തിന് നാണക്കേട്'– എന്നാണ് ബാനറിൽ എഴുതിയിരിക്കുന്നത്. എന്നാൽ ഈ ബാനർ സ്ഥാപിച്ചത് ആരാണെന്ന് വ്യക്തമല്ല. ഇന്ന് രാവിലെ മുതലാണ് കരയോഗ കെട്ടിടത്തിന് മുന്നിൽ ബാനർ പ്രത്യക്ഷപ്പെട്ടത്.

ഈ സർക്കാരിൽ വിശ്വാസമാണെന്ന് തുറന്നുപറഞ്ഞ ജി സുകുമാരൻ നായർ ശബരിമല വിഷയത്തിൽ സർക്കാരിനെ പിന്തുണയ്ക്കുകയും ചെയ്തിരുന്നു. കോൺഗ്രസിനെയും ബിജെപിയെയും കടുത്ത ഭാഷയിൽ വിമർശിക്കുകയും ചെയ്തു. സർക്കാർ പക്ഷത്തേക്ക് എൻഎസ്എസ് ചാഞ്ഞത് തദ്ദേശ, നിയമസഭാ തിരഞ്ഞെടുപ്പുകളിൽ പ്രതിഫലിക്കുമെന്നാണ് വിലയിരുത്തൽ. പ്രതിപക്ഷ നേതാവ് വി ഡി സതീശനും എൻഎസ്എസ് നേതൃത്വവുമായുള്ള അകൽച്ചയും കോൺഗ്രസിനെ തള്ളിപ്പറയുന്നതിന് ഹേതുവാണെന്ന് കരുതുന്നവരുണ്ട്.

അതേസമയം, എൻഎസ്എസിനെ അനുനയിപ്പിക്കാനുള്ള ശ്രമങ്ങൾ കോൺഗ്രസും ആരംഭിച്ചിട്ടുണ്ട്. കെപിസിസി നേതൃത്വം എൻഎസ്എസുമായി ചർച്ച നടത്തും. വിശ്വാസ പ്രശ്നത്തിൽ ഉറച്ച നിലപാടാണ് എടുത്തതെന്ന് എൻഎസ്എസിനെ ഓർമ്മിപ്പിക്കാനാണ് ശ്രമം. എൻഎസ്എസ് നേതൃത്വത്തെ വിമർശിക്കില്ലെന്നും വിശ്വാസ പ്രശ്നത്തിൽ സിപിഎമ്മിന്റേത് ഒളിച്ചു കളിയാണെന്ന പ്രചാരണം തുടരുമെന്നുമാണ് കോൺഗ്രസ് വൃത്തം വ്യക്തമാക്കുന്നത്.

ബാബരി മസ്ജിദിന്റെ നിർമാണം 'അടിസ്ഥാനപരമായ അവഹേളന'മെന്ന് ഡി. വൈ. ചന്ദ്രചൂഡ്

ന്യൂഡൽഹി: ബാബരി മസ്ജിദ് വിഷയത്തിൽ വിവാദ പരാമർശവുമായി മുൻ സുപ്രീംകോടതി ചീഫ് ജസ്റ്റിഡ് ഡി.വൈ. ചന്ദ്രചൂഡ്. ബാബരി മസ്ജിദിന്റെ നിർമാണം തന്നെ അടിസ്ഥാനപരമായ അവഹേളനമായിരുന്നുവെന്നും പള്ളി നിർമിച്ചത് നേരത്തെയുള്ള നിർമിതി തകർത്തുകൊണ്ടാണെന്നും 'ന്യൂസ് ലോൺഡ്രി' വാർത്താ പോർട്ടലിനു നൽകിയ അഭിമുഖത്തിൽ ചന്ദ്രചൂഡ് പറഞ്ഞു.

പള്ളിയുടെ നിർമാണത്തിന് മുമ്പ് ഹിന്ദുക്കൾ അവിടെ ആരാധന നടത്തിയിരുന്നുവെന്നും അതിന് പുരാവസ്തു രേഖകൾ ലഭ്യമാണെന്നും അദ്ദേഹം പറഞ്ഞു.

കോടതി പരസ്യം

ബഹു. കൊടുങ്ങല്ലൂർ മുൻസിഫ് കോടതി മുമ്പാകെ

RP: 41/2025, OS: 724/2017

കൊടുങ്ങല്ലൂർ താലൂക്ക് ചെന്ത്രാപ്പിന്നി വില്ലേജ് പെരുമ്പടപ്പ് ദേശത്ത് തഷ്ണാത്ത് ശാർങ്ങാധരൻ മകൻ ജിൽസു

–ഹർജിക്കാരൻ/വാദി

കൊടുങ്ങല്ലൂർ താലൂക്ക് ചെന്ത്രാപ്പിന്നി വില്ലേജ് പെരുമ്പടപ്പ് ദേശത്ത് തഷ്ണാത്ത് വേലപ്പക്കുട്ടി മകൻ പ്രദീപ്. ഇപ്പോൾ താമസം ശ്രീ ഭഗവതി അപ്പാർട്മെന്റ്സ് 30/508/04, പൂങ്കുന്നം തൃശ്ശൂർ.

–എതൃകക്ഷി/1–ാം പ്രതി

അന്യായപട്ടിക വഴിസ്ഥലവും മറ്റും കയ്യേറുന്നത് ഒരു ശാശ്വത ഇഞ്ചങ്ഷൻ കൽപ്പന മൂലം നിരോധിച്ചും മറ്റും വിധിയുണ്ടാകുന്നതിനാണ് മേൽ നമ്പർ അന്യായം. ടി അന്യായം 11.10. 2022 തിയ്യതി തള്ളി ഉണ്ടായ ഉത്തരവ് മാറ്റി restore ചെയ്ത് ഉത്തരവുണ്ടാകുന്നതിനാണ് മേൽ നമ്പർ ഹർജി ബോധിപ്പിച്ചിട്ടുള്ളത്. എന്നാൽ മേൽ നമ്പറിലെ 1–ാം എതൃകക്ഷിക്കുള്ള നോട്ടീസ് എതൃകക്ഷിയുടെ വാസസ്ഥലത്തും കോർട്ടിലും പതിച്ചു നടത്താൻ ഉത്തരവായി കേസ് 10.11.2025 തിയ്യതിയിലേക്ക് വെച്ചിരിക്കുന്നു. അന്നേ ദിവസം രാവിലെ 11 മണിക്ക് 1–ാം എതൃകക്ഷി കോടതി മുമ്പാകെ ഹാജരായി തർക്കം ബോധിപ്പിക്കാത്ത പക്ഷം ടി ഹർജി 1–ാം എതൃകക്ഷിയെ കൂടാതെ തീർപ്പാക്കുന്നതാണെന്നും ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 09–09–2025
ഹർജിക്കാരൻ ഭാഗം അഡ്വക്കേറ്റ്
ഗീബൽസ്. എൻ എൻ (ഒപ്പ്)

കോടതി പരസ്യം

ബഹു. മതിലകം ബ്ലോക്ക് ഗ്രാമ ന്യായാലയ മുമ്പാകെ

OS: 39/2025

മാടവന ഗ്രാമ വ്യവസായ സഹകരണ സംഘം

–വാദി

കൊടുങ്ങല്ലൂർ താലൂക്ക് എറിയാട് വില്ലേജ് ദേശത്ത് വേണാട്ട് സെയ്തുമുഹമ്മദ് മകൻ അബ്ദുള്ള

–2–ാം പ്രതി

ജാമ്യകച്ചീട്ടാധാരപ്രകാരം വരേണ്ടും സംഖ്യക്കും പലിശക്കും മറ്റുമായി ബോധിപ്പിച്ച മേൽ നമ്പർ അന്യായത്തിലെ 2–ാം പ്രതിക്കുള്ള സമൻസ് കോർട്ടിലും വാസസ്ഥലത്തും പതിച്ചുനടത്താൻ അനുവദിച്ച് ഉത്തരവായി മേൽ നമ്പർ കേസ് **14–10–2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ളതും മേൽ കാര്യത്തിൽ എന്തെങ്കിലും തർക്കങ്ങൾ ഉണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് മേപ്പടി കോടതി മു

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

റേഷൻ വ്യാപാരികളുടെ നിരവധി ആവശ്യങ്ങൾ നടപ്പക്കക

തൃശൂർ: കമ്മീഷൻ വർദ്ധിപ്പിക്കുക, കുടിശിക അനുവദിക്കുക, 70 വയസ്സ് കഴിഞ്ഞ ലൈസൻസികളെ നിലനിർത്തുക, തുടങ്ങി നിരവധി ആവശ്യങ്ങളാണ് റേഷൻ വ്യാപാരികൾക്കുള്ളത്. ജനുവരിയിൽ പണിമുടക്ക് സമയത്ത് മുഖ്യമന്ത്രി ഇടപെട്ടിരുന്നു. ഭക്ഷ്യമന്ത്രി പലപ്പോഴും അനുകൂല തീരുമാനങ്ങൾ എടുത്താലും ധനമന്ത്രി അവ നിരാകരിക്കുന്ന രീതി സ്വീകരിക്കുകയാണെന്നുംസംഘടന ആരോ പിച്ചു. ഉദ്യോഗസ്ഥരുടെ പീഢനവും വർദ്ധിക്കുന്നു. പതിനാലായിരം റേഷൻ കടകളിലൂടെ 95 ലക്ഷം കുടുംബങ്ങളിലേക്കാണ് ഭഷ്യ സ്തുക്കൾ എത്തിക്കുന്നത്.

കേരള ബാങ്കിന്റെ ഒരു കോടി

തൃശൂർ: കേരള ബാങ്ക് വെള്ളാങ്കല്ലൂർ, പുത്തൻചിറ ബ്രാഞ്ചുകൾ വഴി ക്ഷീരസംഘം കർഷകർക്ക് ഒരു കോടിയുടെ വായ്പകൾ വിറെനം ചെയ്തു. വള്ളിവട്ടം, വെള്ളൂർ, കൊറ്റനല്ലൂർ, പടേപ്പട്ടും സംഘങ്ങളിലെ കർഷകർക്കാണ് വായ്പ. വിതരണ ഉൽഘാടനം ബാങ്ക് വൈസ് ചെയർമാൻ എം. കെ. കണ്ണൻ ഉൽഘാടനം ചെയ്തു. മിൽമയുടെ കരാർ പ്രകാരം കേരള ബാങ്ക് നടപ്പാക്കുന്ന ആദ്യ പദ്ധതിയാണിത്.

പിഎംസ്വനിധി ഗുണഭോക്താക്കൾക്ക് പരിശീലനം

ഇരിഞ്ഞാലക്കുട: നഗരസഭയുടെ പി എം സ്വാനിധി പദ്ധതി മുഖേനെ ലോൺ ലഭിച്ച ഭക്ഷ്യമേഖലയിലെ സംരംഭകർക്കായി ശുചിത്വവും ഭക്ഷ്യസുരക്ഷയും എന്ന വിഷയത്തിൽ FSSAI-യുമായി ചേർന്ന് ഇരിഞ്ഞാലക്കുട വ്യാപാര ഭവൻ ഹാളിൽ വെച്ച് 2 ബാച്ചുകളിലായി പരിശീലനം നടത്തുന്നു.

സമയം: 1. സെപ്റ്റംബർ 29 തിങ്കളാഴ്ച രാവിലെ 9.45 മുതൽ 12.30 വരെ. കുടുംബശ്രീ CDS ഗുണഭോക്താക്കൾക്ക്.

2. സെപ്റ്റംബർ 29 തിങ്കളാഴ്ച ഉച്ചക്ക് 1.45പിഎം മുതൽ 4.30 വരെ. കുടുംബശ്രീ ഇളട 2 ഗുണബോക്താക്കൾക്കു.

2. ആവശ്യകത: ലോൺ ലഭിച്ച എല്ലാവർക്കും പരിശീലനത്തിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റ് കൈപ്പറ്റുന്നത് നിർബന്ധമാണ്. തുടർന്നും ലോൺ ആവശ്യമുള്ളവർക്കും ഈ സർട്ടിഫിക്കറ്റ് ആവശ്യമാണ്.

4. ഓരോ വാർഡിൽ നിന്നും പങ്കെടുക്കുന്ന സംരംഭകരുടെ പേര് വിവരങ്ങൾ സിഡിഎസ് മെമ്പർ ഓഫീസിൽ നൽകുക.

ഒക്ടോബർ 1 മുതൽ പി എംസ്വനിധി ലോൺ സ്കീമിൽ പുതിയ അപേക്ഷകൾ സ്വീകരിക്കുന്നതാണ്.

ക്വട്ടേഷൻ ക്ഷണിച്ചു

തൃശ്ശൂർ: ജില്ലയിലെ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷന്റെ ഓഫീസ് ആവശ്യത്തിനായി കരാർ അടിസ്ഥാനത്തിൽ ഡ്രൈവർ ഉൾപ്പെടെ കാർ ലഭ്യമാക്കുന്നതിന് മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു. ക്വട്ടേഷൻ നോട്ടീസും ഫോമിന്റെ മാതൃകയും ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷന്റെ കാര്യാലയത്തിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. നിബന്ധനകൾക്ക് വിധേയമായി വാടക വ്യവസ്ഥയിൽ വാഹനം നൽകുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾ, സ്ഥാപനങ്ങൾ തയ്യാറാക്കിയ ക്വട്ടേഷനുകൾ തൃശ്ശൂർ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷന്റെ കാര്യാലയത്തിൽ ഒക്ടോബർ എട്ടിന് മുൻപായി സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0487 2990134,9633940182,9446043808.

അപ്രന്റിസ് ട്രെയിനി ഒഴിവ്

തൃശൂർ :പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മംഗലം ഐ.ടി.ഐയിൽ വിവിധ ട്രേഡുകളിൽ ട്രെയിനി അപ്രന്റീസ് ഒഴിവുണ്ട്. സർവെയർ, പ്ലംബർ എന്നീ ട്രേഡുകളിലാണ് ഒഴിവുള്ളത്. ഫോൺ: 04922 258545, 9895008926, 7306428316.

തൃശൂർ എൽ ഐ സി ഏജന്റ്സ് ഓർഗ്ഗനൈസേഷൻ ഓഫ് ഇന്ത്യ (CITU) തൃശൂർ ഡിവിഷൻ സമ്മേളനം

തൃശൂർ: എൽ.ഐ.സിയെ പൊതുമേഖലാ സ്ഥാപനമായി സംരക്ഷിക്കൽ ഇൻഷുറൻസ് മേഖലയിലെ സ്വകാര്യവൽക്കരണവും വിദേശ കമ്പനികളുടെ കടന്നുകയറ്റത്തെയും പ്രതിരോധിച്ച് പൊതുമേഖലയായ എൽ.ഐ.സിയുടെ ശക്തിയും വിശ്വാസ്യതയും നിലനിർത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.

കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ നടത്തിയ പാർലമെന്റ് മാർച്ചിന്റെ മുന്നോടിയായി ഇന്ത്യാ രാജ്യത്തെ കക്ഷി രാഷ്ട്രീയത്തിനതീതമായി എല്ലാ എംപി മാർക്കും GST പിൻവലിക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങൾ ഉയർത്തി നിവേദനങ്ങൾ സമർപ്പിക്കുകയും അത് എം പി മാർ പാർലമെന്റിൽ ഉന്നയിച്ചതിന്റെ ഭാഗമായി പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനും GST പിൻവലിക്കാനുമുള്ള തീരുമാനത്തിലേക്ക് സർക്കാർ എത്തുകയും ചെയ്തു.ഏജന്റുമാർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പാർലമെന്റിലും മന്ത്രാലയങ്ങളിലും എത്തിക്കുന്നതിനും പാർലമെന്റ് മാർച്ചിലൂടെ കഴിഞ്ഞു. എൽ.ഐ. സി ഏജന്റുമാരുടെ തൊഴിൽ സുരക്ഷയും, കമ്മീഷൻ നിരക്കുകളും, പെൻഷൻ, ബോണസ് തുടങ്ങിയ ആവശ്യങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. ഏജന്റുമാർക്കും അവരുടെ കുടുംബങ്ങൾക്കും സാമൂഹിക സുരക്ഷാ പദ്ധതികൾ ഉറപ്പുവരുത്തുന്നതിനായിസമരങ്ങളും പ്രതിഷേധങ്ങളും നിരന്തരം സംഘടിപ്പിച്ചു വരുന്ന സംഘടനയാണ് LICAOI.

ഏജന്റുമാർക്ക് പരിശീലനവും ബോധവത്കരണവും നൽകി കൊണ്ട് ഇൻഷുറൻസ് രംഗത്തെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്ന് സമ്മേളനങ്ങളിലൂടെയും സമരങ്ങളിലൂടെ യും ഏജന്റുമാരുടെ ശബ്ദം അധികാരികളിലേക്കെത്തിക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു.

ഇന്നലെ കാലത്ത് 9.30 ന് സ എസ് എസ് പോറ്റി നഗറിൽ (കൂർക്കഞ്ചേരി സർവ്വീസ് സഹകര ബാങ്ക് ഹാൾ) നടന്നസമ്മേളനം ആലത്തൂർ എം പി കെ രാധാകൃഷ്ണൻ ഉദ്ഘാടനം നിർവ്വഹിച്ചു.

LICAOI അഖിലേന്ത്യാ ജനറൽ സെക്രട്ടറി ഡോ. പി ജി ദിലീപ് സംഘടനാ റിപ്പോർട്ട് അവതരിപ്പിച്ചു. CITU ജില്ലാ ജനറൽ സെക്രട്ടറി യു പി ജോസഫ്, സോണൽ സെക്രട്ടറി പി എൻ സുധാകരൻ LICAOI സംസ്ഥാന ജനൽ സെക്രട്ടറി എം കെ മോഹനൻ തുടങ്ങി പ്രമുഖ നേതാക്കൾ പങ്കെടുത്തു.

ജില്ലാ ക്ഷീരസംഗമം – സാംസ്കാരിക ഘോഷയാത്ര സംഘടിപ്പിച്ചു

തൃശ്ശൂർ: ജില്ലാ ക്ഷീര സംഗമത്തോടനുബന്ധിച്ച് വെള്ളാങ്ങല്ലൂർ ഫെഡറൽ ബാങ്ക് പരിസരത്തു നിന്ന് വെള്ളാങ്ങല്ലൂർ പി സി കെ ഓഡിറ്റോറിയം വരെ ക്ഷീര തരംഗം സാംസ്കാരിക ഘോഷയാത്ര സംഘടിപ്പിച്ചു. വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് സുധ ദിലീപ് ഫ്ലാഗ് ഓഫ് ചെയ്തു.

വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡൻറ് ഉണ്ണികൃഷ്ണൻ കുറ്റി പറമ്പിൽ, വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ പ്രസന്ന അനിൽകുമാർ, വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് നിഷ ഷാജി, വൈസ് പ്രസിഡൻറ് ഫാത്തിമ ഫസ്ന, വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ജിയോ ഡേവിസ്, മെമ്പർ ബിജു പോൾ , തൃശ്ശൂർ ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ട്രീസ തോമസ്, ടെക്നിക്കൽ അസിസ്റ്റൻറ് ശാലിനി സി ഗുണനിയന്ത്രണ ഓഫീസർ രാധിക പി എം.,

വെള്ളാങ്ങല്ലൂർ ബ്ലോക്കിലെ വിവിധ ക്ഷീര സംഘങ്ങളിലെ കർഷകർ , തൃശൂർ ക്ഷീര വികസന വകുപ്പിലെ ഉദ്യോഗസ്ഥർ, ക്ഷീര സംഘങ്ങളിലെ പ്രസിഡന്റുമാർ, ഭരണസമിതി അംഗങ്ങൾ എന്നിവർ ഘോഷയാത്ര നയിച്ചു.

തുടർന്ന് വെള്ളാങ്ങല്ലൂർ പി സികെ ഓഡിറ്റോറിയത്തിൽ ക്ഷീര സംഗമത്തിന് തുടക്കം കുറിച്ചു കൊണ്ട് വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് നിഷ ഷാജി യുടെ അധ്യക്ഷതയിൽ വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് സുധ ദിലീപ് പതാക ഉയർത്തി. വെള്ളാങ്ങല്ലൂർ ക്ഷീര സഹകരണ സംഘം പ്രസിഡൻറ് ടി എ ഹുസൈൻ ചടങ്ങിന് സ്വാഗതം പറഞ്ഞു. കേരളഫീഡ്സ് ചെയർമാൻ ശ്രീ കുമാർ മുഖ്യപ്രഭാഷണം നടത്തി. വെള്ളാങ്ങല്ലൂർ ബ്ലോക്ക് വൈസ്പ്രസിഡന്റ് ഉണ്ണിക്കൃഷ്ണൻ കുറ്റി പറമ്പിൽ, കെ സി എം എം എഫ് പ്രതിനിധി ടി എൻ സത്യൻ എന്നിവർ ആശംസാ പ്രസംഗം നടത്തി. തൃശ്ശൂർ ജില്ല ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ട്രീസ തോമസ് ചടങ്ങിന് നന്ദി പറഞ്ഞു.

ഗസ്റ്റ് ഇൻസ്ട്രക്ടർ നിയമനം

ദേശമംഗലം: ഗവ. ഐ. ടി. ഐയിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡിൽ ഗസ്റ്റ് ഇൻസ്ട്രക്ടറുടെ ഒഴിവിലേക്ക് ഓപ്പൺ (ഒ സി) വിഭാഗത്തിൽപ്പെട്ടവർക്കായി അഭിമുഖം നടത്തും. ബന്ധപ്പെട്ട വിഷയത്തിൽ എൻ ടി സി/എൻ എ സിയും മൂന്ന് വർഷത്തെ പ്രവൃത്തി പരിചയവും അല്ലെങ്കിൽ എഞ്ചിനീയറിംഗ് ഡിപ്ലോമയും രണ്ട് വർഷത്തെ പ്രവൃത്തി പരിചയവും അല്ലെങ്കിൽ എഞ്ചിനീയറിംഗ് ഡിഗ്രിയും ഒരു വർഷത്തെ പ്രവൃത്തി പരിചയവുമാണ് യോഗ്യത സെപ്റ്റംബർ 29 ന് രാവിലെ 11 ന് നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കുന്നതിന് എത്തിച്ചേരണം. ഫോൺ: 04884 279944, 7736559330.

തുടി മലയാളവേദിയുടെ ഔദ്യോഗിക ഉദ്ഘാടനം നടന്നു

ഇരിങ്ങാലക്കുട: സെന്റ്. ജോസഫ്(ഓട്ടോണമസ്) കോളേജ് മലയാള സമാജം തുടി മലയാളവേദിയുടെ 2025-26 അധ്യയന വർഷത്തിലെ പ്രവർത്തനോദ്ഘാടനം പ്രശസ്ത ചലച്ചിത്ര സഹസംവിധായകൻ ഐ.ഡി. രഞ്ജിത് നിർവഹിച്ചു. സമൂഹത്തെ മുന്നോട്ടു നയിക്കുന്നതിൽ സർഗാത്മകതയ്ക്കും സാഹിത്യത്തിനുമുള്ള പങ്കിനെ മുൻനിർത്തി വിദ്യാർത്ഥികളോട് സംസാരിച്ച അദ്ദേഹം പ്രപഞ്ചം കണികകളാലല്ല മറിച്ച് സർഗാത്മക സൃഷ്ടികളാലാണ് നിർമ്മിക്കപ്പെട്ടിരിക്കുന്നതെന്ന് അഭിപ്രായപ്പെട്ടു. പരിപാടിയ്ക്ക് വകുപ്പ് അധ്യക്ഷ ഡോ.ജെൻസി കെ.എ.സ്വാഗതം ആശംസിച്ചു. വൈസ് പ്രിൻസിപ്പാൾ ഡോ.സിസ്റ്റർ ഫ്ലവററ്റ് പരിപാടിയുടെ അധ്യക്ഷത അലങ്കരിച്ചു. ഓഫീസ് സൂപ്രണ്ട് ജ്യോതി എ.ജെ പരിപാടിയ്ക്ക് ആശംസകൾ അറിയിച്ചുകൊണ്ട് സംസാരിച്ചു. തുടി മലയാളവേദി പ്രസിഡന്റ് അരുണിമ നന്ദി പ്രകാശിപ്പിച്ചു. 2025 -26 അധ്യയനവർഷത്തെ തുടി മലയാളവേദി പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണം ഉദ്ഘാടനവേദിയിൽ വച്ച് നിർവഹിക്കപ്പെട്ടു. ഒന്നാംവർഷ പി ജി വിദ്യാർഥിനികളായ ആദ്യലക്ഷ്മി സി.ജെ പ്രസിഡന്റായും സൂര്യ കൃഷ്ണ ഒ.ടി. സെക്രട്ടറിയായും കൃഷ്ണപ്രിയ പി.വി. ഖജാൻജിയായും തിരഞ്ഞെടുക്കപ്പെട്ടു. ഉദ്ഘാടന പരിപാടിയുമായി ബന്ധപ്പെട്ട് പി ജി വിദ്യാർത്ഥികൾ 'ആശാന്റെ നായികമാർ' എന്ന പേരിൽ രംഗാവിഷ്കാരം നടത്തി. തുടി മലയാള വേദിയുടെ ആഭിമുഖ്യത്തിൽ നടന്ന വിവിധ പരിപാടികളിൽ സമ്മാനാർഹരായ വിദ്യാർഥികളെ ചടങ്ങിൽ അനുമോദിച്ചു.

പാലക്കടവ് പാലത്തിന് സാങ്കേതികാനുമതി

പുതുക്കാട്: നിയോജക മണ്ഡലത്തിലെ നെന്മണിക്കര, വല്ലച്ചിറ എന്നീ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാലക്കടവ് പാലത്തിന്റെ പുനർനിർമ്മണത്തിന് സാങ്കേതികാനുമതി ലഭിച്ചതായി കെ. കെ രാമചന്ദ്രൻ എം.എൽ.എ പറഞ്ഞു. 7.24 കോടി രൂപയുടെ എസ്റ്റിമേറ്റിനുള്ള അനുമതിയാണ് ലഭിച്ചത്. പാലത്തിന്റെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചു വരുന്നതായും എം. എൽ.എ അറിയിച്ചു. പുതുക്കാട്-ഊരകം റോഡിൽ മണലിപ്പുഴയുടെ കുറുകെയാണ് പാലക്കടവ് പാലം സ്ഥിതി ചെയ്യുന്നത്.

പ്രളയത്തെ തുടർന്ന് നാശനഷ്ടം സംഭവിച്ച സ്ഥലങ്ങളിലെ പാലങ്ങൾ പുനർനിർമ്മിക്കുന്നതിന് വേണ്ടിയുള്ള പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പാലം വീണ്ടും നിർമ്മിക്കാൻ ഒരുങ്ങുന്നത്. പാലത്തിന്റെ പുനർ നിർമ്മാണത്തിന് വേണ്ടി 2019-20 പൊതു ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതി പ്രകാരമാണ് പാലക്കടവ് പാലം ഇപ്പൊൾ പുനർനിർമ്മിക്കുന്നത്. ആറ് മാസം മുതൽ ഒരു വർഷം വരെയാണ് പദ്ധതി നടപ്പാക്കാനായി കാലാവധി നൽകിയിരിക്കുന്നത്.

ജലവിതരണം തടസ്സപ്പെടും

തൃശൂർ: പീച്ചിയിലെ 20 എംഎൽഡി ജലശുദ്ധീകരണശാലയിൽ അറ്റകുറ്റപ്പണി നടക്കുന്നതിനാൽ തൃശ്ശൂർ നഗരസഭ പ്രദേശത്ത് സെ.27 ശനിയാഴ്ച ശുദ്ധജലവിതരണം പൂർണ്ണമായും തടസ്സപ്പെടുന്നതാണ്. ഉപഭോക്താക്കൾ ആവശ്യമുള്ള ശുദ്ധജലം വരുംദിവസങ്ങളിൽ ശേഖരിച്ചു വയ്ക്കേണ്ടതാണെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

എൽ.ബി. എസ്. എം. സ്കൂളിൽ എൻ.എസ്. എസ്. ദിനാചരണം നടത്തി

അവിട്ടത്തൂർ : ലാൽ ബഹാദൂർ ശാസ്ത്രി മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂളിൽ എൻ. എസ്. എസ്. ദിനം ആചരിച്ചു. എൻ.എസ്. എസ്. ന്റെ നേതൃത്വത്തിൽ ജീവിതോത്സവം, 21 ദിന ചലഞ്ച് വേളൂക്കര ഗ്രാമ പഞ്ചായത്ത് മെമ്പർ ലീന ഉണ്ണികൃഷ്ണൻ ഉദ്ഘാടനം ചെയ്തു. പി.ടി.എ. പ്രസിഡണ്ട് ജോസഫ് അക്കരക്കാരൻ അധ്യക്ഷത വഹിച്ചു. നമ്മൾ നമ്മളെ മാത്രം ഇഷ്ടപ്പെടല്ലപ്പാ..... എന്നു തുടങ്ങുന്ന തീം സോങ്ങ് പാടി കുട്ടികളും, അധ്യാപകരും, സ്കൂൾ അധികൃതരും തീർത്ത മനുഷ്യ വലയത്തിലായിരുന്നു ചടങ്ങ് നടന്നത്. 'ലഹരിക്കെതിരെ കേരള സർക്കാരും , ചടട ഉം ചേർന്ന് കേരളത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും എല്ലാ വിദ്യാർഥികളെയും പങ്കാളികളാക്കി 21 ദിവസങ്ങളിലായി വ്യത്യസ്ത ലഹരി വിരുദ്ധ പരിപാടി കളാണ് നടത്തുന്നത്. സ്കൂൾ മാനേജർ എ. അജിത്ത് കുമാർ വാര്യർ, എ.സി.സുരേഷ്, കെ.കെ. കൃഷ്ണൻ നമ്പൂതിരി, സുമിത ടീച്ചർ, സി. രാജലക്ഷ്മി, എസ്. സുധീർ എന്നിവർ പ്രസംഗിച്ചു.

വീട്ടുമുറ്റസദസ്സുകൾ നടത്താൻ തീരുമാനം

തൃശൂർ: കേരളത്തിന്റെ നിലവിലുള്ള സാമൂഹികാവസ്ഥയും സ്ത്രീകളുടെ പങ്കും മുൻനിർത്തി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ വീട്ടുമുറ്റ സദസ്സുകൾ നടത്താൻ വനിതാസാഹിതി തൃശൂർ ജില്ലാക്കമ്മെററി തീരുമാനിച്ചു.

നിർഭയവും സ്വതന്ത്രവുമായ പൊതുജീവിതം നയിക്കുന്ന സ്ത്രീകളെ നിശബ്ദരാക്കുകയെന്ന ലക്ഷ്യത്തോടെ സൈബർ ആക്രമണം നടത്തുന്ന വലതുപക്ഷ യാഥാസ്ഥിതിക അസഹിഷ്ണതയെ ജനാധിപത്യ,പുരോഗമന മനസ്സുള്ളവർ അവജ്ഞയോടെ തള്ളിക്കളയണമെന്നു ജില്ലാക്കമ്മിറ്റി പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.

കെ.എസ്.ടി.എ ഹാളിൽ നടന്ന യോഗത്തിൽ ജില്ല പ്രസിഡണ്ട് കെ.പി. സെലീന അദ്ധ്യക്ഷത വഹിച്ചു. ജില്ല സെക്രട്ടറി ഡോ.കെ.ആർ. ബീന റിപ്പോർട്ട് അവതരിപ്പിച്ചു.

ഭരണത്തിനെതിരെ വോട്ട് കുത്തിക്കാൻ റേഷൻ പദ്ധതി

തൃശൂർ: തദ്ദേശ സ്വയം ഭരണ - നിയമസഭാ തിരഞ്ഞെടുപ്പ് സമയത്ത് ഭരണപക്ഷത്തിനെതിരായി ഒരു ബൂത്തിൽ 50 വോട്ടുകളെങ്കിലും മറിക്കാൻശ്രമം നടത്തുമെന്ന് റേഷൻ വ്യാപാരി സംഘടന. വർഷങ്ങളായി വ്യാപാരികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് ഉടൻ പരിഹാരം ഉണ്ടായില്ലെങ്കിലാണ് തിരഞ്ഞെടുപ്പിൽ വോട്ട് വിഷയം കൈകാര്യം ചെയ്യുക. ആൾ കേരള റീട്ടയിൽ റേഷൻ ഡീലേഴ്സ് അസോസിയേഷന്റേതാണ് മുന്നറിയിപ്പ്. റേഷൻ വ്യാപാരികളിൽ എല്ലാ രാഷ്ട്രീയ പാർട്ടികളിലുംപെട്ടവർ ഉണ്ട്. സഹിക്കാൻ പറ്റാത്തസ്ഥിതിയിലാണ് വോട്ട് വിഷയം ഉന്നയിക്കാൻ നിർബന്ധിതരാകുന്നതത്രെ.

വ്യാപാരികളോട് സർക്കാർ കാട്ടുന്ന അവഗണനയിൽ പ്രതിഷേധിച്ച് ഒക്ടോബർ 7ന് റേഷൻ വ്യാപാരി സംഘടനാ ഭാരവാഹികൾ നിയമസഭാ മാർച്ച് നടത്തുമെന്ന് അസോസിയഷൻ പ്രസിഡന്റ് മുൻഎം. എൽ. എ.അഡ്വ: ജോണിനെല്ലൂർ വാർത്താസമ്മേളനത്തിൽ അറിയിച്ചു. ജനറൽ സെക്രട്ടറി ടി.മുഹമ്മദലി, സെക്രട്ടറി സെബാസ്റ്റ്യൻ ചൂണ്ടൽ പങ്കെടുത്തു.

എഴാം തീയതി കടകൾ അടച്ചിട്ടില്ല. കരിങ്കൊടി നാട്ടി കരിദിനം ആചരിക്കും. ആവശ്യങ്ങൾ അംഗീകരിച്ചില്ലെങ്കിൽ കേരള പിറവി ദിനമായ നവമ്പർ ഒന്ന് മുതൽ താലൂക്ക് കേന്ദ്രങ്ങളിൽ തുടർച്ചയായി അനിശ്ചിതകാല സത്യഗ്രഹം സംഘടിപ്പിക്കും. എന്നിട്ടും നടപടികൾ ഉണ്ടായില്ലെങ്കിൽ അനിശ്ചിതകാല കടയടപ്പ് സമരം നടത്തുമെന്നും, പ്രസിഡന്റ് ജോണി നെല്ലൂർ അറിയിച്ചു.

വ്യത്യസ്ഥ തലങ്ങളിലുള്ള റേഷൻ വ്യാപാരി സംഘടനകളും പൊതു ആവശ്യത്തെ പിന്തുണക്കുന്നു. അവരുടെ പങ്കാളിത്തവുംഉറപ്പാക്കും.

ഇന്ത്യൻ നാഷണൽ കോൺഗ്രസ് മണ്ഡലം നേതൃത്വ ക്യാമ്പ് നടത്തി

ഇരിഞ്ഞാലക്കുട :മിഷൻ 2025 ന്റെ ഭാഗമായി ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഇരിഞ്ഞാലക്കുട മണ്ഡലം നേതൃത്വ ക്യാമ്പ് സംഘടിപ്പിച്ചു ഇരിഞ്ഞാലക്കുട മണ്ഡലം പ്രസിഡന്റ് സി എസ് അബ്ദുൽ ഹഖ് മാസ്റ്റർ അധ്യക്ഷത വഹിച്ച യോഗത്തിൽ കെപിസിസി മുൻ ജനറൽ സെക്രട്ടറി എം പി ജാക്സൺ ഉദ്ഘാടനം നിർവഹിച്ചു

എൻ എസ് നൗഷാദ് മാസ്റ്റർ ക്ലാസ് നയിച്ചു ഡിസിസി ജനറൽ സെക്രട്ടറി സോണിയ ഗിരി, ബ്ലോക്ക് പ്രസിഡണ്ട് സോമൻ ചിറ്റേത്ത്, മുൻസിപ്പൽ ചെയർപേഴ്സൺ മേരിക്കുട്ടി ജോയ്, മുൻ ബ്ലോക്ക് പ്രസിഡണ്ട് ടിവി ചാർലി, കൗൺസിലർ ബിജു പോൾ അക്കരക്കാരൻ, ബ്ലോക്ക് ഭാരവാഹികളായ ജോസഫ് ചാക്കോ, അസറുദ്ദീൻ കളക്കാട്,, വിജയൻ ഇളയടത്ത്, അഡ്വക്കേറ്റ് വി. സി. വർഗീസ്, പ്രവീൺസ് ഞാറ്റുവേറ്റി യൂത്ത് കോൺഗ്രസ് നിയോജകമണ്ഡലം പ്രസിഡണ്ട് സനൽ കല്ലൂക്കാരൻ, കെ എസ്‌യു. നിയോജകമണ്ഡലം പ്രസിഡണ്ട് ഫെസ്റ്റിൻ ഔസേപ്പ്, മണ്ഡലം സെക്രട്ടറി സനൽ കുമാർ എന്നിവർ സംസാരിച്ചു

വാർത്താച്ചുരുക്കം

* ബാലഗോകുലം ബാലസംസ്കാര കേന്രം 29-ാം ജന്മാഷ്ടമി പുരക്കാര സമർപ്പണം തൃശൂർ ടൗൺ ഹാളിൽ നടന്നു. സി.രാധാകൃഷ്ണനാണ് പുരസ്കാരം സമർപ്പിച്ചത്.
* തൃശൂർ രംഗ ചേതന 748 - നാടകം മോർച്ചറി നാട്യഗൃഹത്തിൽ അവതരിപ്പിച്ചു.
* തൃശൂർ ഹാർമണി സ്കൂൾ ഒഫ് മ്യൂസിക് 176 ാം സംഗീത സാക്ഷരതയജ്ഞം സാഹിത്യ അക്കാദമി എംടി.ഹാളിൽ നടന്നു.
* മതരാഷ്ട്ര വാദവും ബിഷപ്പ് പൗലോസ് മാർ പൗലോസിന്റെ ചിന്ത കളും എന്ന വിഷയത്തിൽ ഡോ: പി.വി.കൃഷ്ണൻ നായർ പ്രഭാഷണം ചെയ്തു. മാർ പൗലോസ് ഫൗണ്ടേഷൻ വൈലോപ്പിള്ളി ഹാളിലായിരുന്നു പ്രഭാഷണം സംഘടിപ്പിച്ചത്.
* കേരള സ്റ്റേറ്റ് ബാർബർ ബ്യൂട്ടീഷ്യൻസ് വർക്കേഴ്സ് യൂണിയൻ - സി.ഐ.ടി.യു -സംസ്ഥാന കൺവെൻഷൻ കാഞ്ഞാങ്ങാട് നടന്നു.
* എഴുത്തച്ഛൻ സമുദായത്തിലെ ഗ്രാജുവേഷൻ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകണമെന്ന് എഴുത്തച്ഛൻ എജ്യുക്കേഷണൽ ട്രസ്റ്റ് അറിയിച്ചു.
* ജി. കുമാരപിള്ള, ഐ.എം.വേലായുധൻ മാസ്റ്റർ പുരസ്ക്കാരം ഗാന്ധിയൻ മലപ്പുറം പി.കെ.നാരായണൻ മാസ്റ്റർക്ക് സമർപ്പിച്ചു. പൂർണോദയ ബുക് ട്രസ്റ്റാണ് പുരസ്കാരം ഏർപെടുത്തിയത്. 21000 രൂപ അടങ്ങുന്നതാണ് പുരസ്ക്കാരം.
* തൃശൂർ വടക്കുംനാഥൻ ലയൺസ് ക്ലബ്ബ് നേതൃത്വത്തിൽ നേത്ര പരിശോധന തിമിര ശസ്ത്രക്രിയ സൗജന്യ ക്യാമ്പ് നടത്തി.
* ഡോ: എം.എസ്. മേനോൻ ജന്മശതാബ്ദി സമാപന സമ്മേളനം വൈലോപ്പിള്ളി ഹാളിൽ നടന്നു. ഡോ കെ. മുത്തു ലക് ഷിമി അനുസ്മരണ പ്രഭാഷണം ചെയ്തു. സി.ആർ. ഭാസ് അദ്ധ്യക്ഷത വഹിച്ചു
* ആയുർവേദദിന ഭാഗമായി സീതാറാം ആയൂർ വേദാശുപത്രിയിൽ സൗജന്യ മെഡിക്കൽ ക്യാപ് നടത്തി.
* പത്രാധിപർ കെ.സുകുമാരൻ അനുസ്മരണം ശ്രീനാരായണ സാഹിത്യ പരിഷത്ത് സംഘടിപ്പിച്ചു. തോളൂർ ശശിധരൻ ഉൽഘാടനം ചെയ്തു.
* തൃശൂർ മാർത്ത് മറിയം വലിയ പള്ളി വിശുദ്ധ സ്ലീവ പെരുന്നാൾ ആ ഘോഷിച്ചു.
* പറവട്ടാനി സാന്റോസ് ഫുട്ബോൾ കോച്ചിങ്ങ് ക്യാമ്പ് ആരംഭിച്ചു
* വെങ്ങിണിശ്ശേരി എം.എസ്.സുരേന്ദ്രൻ സ്മാരക സാഹിത്യ മത്സരത്തിലേക്ക് രചനകൾ ക്ഷണിച്ചു . ഇന്ത്യൻ ജനാധിപത്യത്തിന്റെ ഭാവി എന്നത് ലേഖന വിഷയം
* തൃശൂർ: ഹെറിറ്റേജ് സൊസൈറ്റി ഓഫ് കേരള തൃശൂർ - ഒരുക്കുന്ന പുരാവസതു പ്രദർശനം:പഴയ നടക്കാവ് പാണ്ടി സമുഹമഠം